# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 57 04.06.2018-ൽ മറുപടിക്ക്

### പി. ജി. മാർക്കിന് നിലവിൽ നൽകി വരുന്ന വെയിറ്റേജ്

| ചോദ്യം<br>ശ്രീമതി.പി.അയിഷാ പോറ്റി | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ നിയമനത്തിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ പി. ജി. മാർക്കിന് നിലവിൽ നൽകി വരുന്ന വെയിറ്റേജ് ഏകീകരിക്കാത്തത് മൂലം ഉദ്യോഗാർത്ഥികൾ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബിരുദാനന്തര ബിരുദത്തിന് വാർഷിക സമ്പ്രദായത്തിലും ക്രെഡിറ്റ് & സെമസ്റ്റർ സിസ്റ്റത്തിലും ലഭിക്കുന്ന മാർക്കിന്റെ വ്യത്യാസം ഉന്നയിച്ച് ഉദ്യോഗാർത്ഥികളിൽ നിന്നും പരാതികൾ ലഭിച്ചിട്ടുണ്ട്. 2011 മുതൽ ഹയർ സെക്കന്ററി വിദ്യാഭ്യാസം, കോളേജ് വിദ്യാഭ്യാസം എന്നിവയിലെ (ജനറൽ & പ്രൊഫഷണൽ), (മെഡിക്കൽ വിദ്യാഭ്യാസമൊഴികെയുള്ളവ) ഒരേ വിദ്യാഭ്യാസ യോഗ്യത നിശ്ചയിച്ചിട്ടുള്ള അധ്യാപക തസ്തികകൾക്ക് അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുടെ (PG) 30% മാർക്ക് കണക്കാക്കി Academic Weightage നൽകിയും അടിസ്ഥാന യോഗ്യത വ്യത്യസ്തമാണെങ്കിൽ Academic Weightage പരിഗണിക്കാതെയുമാണ് റാങ്ക് പട്ടിക തയ്യാറാക്കുന്നത്. |
| (ബി) | ഏകീകരണം സാദ്ധ്യമല്ല എന്ന കാരണത്താൽ പ്രസ്തുത തസ്തികയിലെ ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ സയൻസ് എന്നീ വിഷയങ്ങൾക്ക് അക്കാദമിക് വെയിറ്റേജ് നൽകാതെയാണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കമ്പ്യൂട്ടർ സയൻസ് തസ്തികയുടെ അടിസ്ഥാന യോഗ്യത വ്യത്യസ്തമായതിനാൽ Academic Weightage നൽകാതെയാണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. |
| (സി) | ഭാവിയിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ പി.ജി. മാർക്കിന് നൽകുന്ന വെയിറ്റേജ് നിർത്തലാക്കുവാനോ അല്ലാത്തപക്ഷം 10 ശതമാനമായി കുറയ്ക്കുന്നതിനോ പി.എസ്.സി. യ്ക്ക് നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ ? | (സി) | പബ്ലിക്ക് സർവ്വീസ് കമ്മീഷനുമായി ബന്ധപ്പെട്ട് ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.